LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് വാഴക്കൻ : സർ, ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളൊക്കെ ന്യായവും അന്യായവുമായ കാരണങ്ങളാൽ ഇപ്പോൾ നിലച്ചിരിക്കുകയാണ്. അവിടെ താമസസൗകര്യം ആവശ്യമുള്ള കാര്യമാണ്. അതിന് eco-friendly ആയ പുതിയ മോഡലുകൾ ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ടോ; തയ്യാറാക്കാൻ പദ്ധതിയുണ്ടോ; പ്രധാനപ്പെട്ട ഏതെങ്കിലും പുതിയ മാസ്റ്റർ പ്ലാനുകളുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഏറ്റവും പ്രധാനപ്പെട്ട മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പിൽഗ്രിം സെന്ററുകളായ ശബരിമല, ഗുരുവായൂർ, ചേരമാൻപള്ളി, മലയാറ്റൂർ തുടങ്ങിയ പ്രദേശങ്ങളിലുള്ള പിൽഗ്രിം ടൂറിസത്തെ പ്രൊമോട്ട് ചെയ്യുന്നതിനുവേണ്ടി ഒരു മാസ്റ്റർപ്ലാനുണ്ട്. അതുപോലെ കോട്ടയം കുമരകം തുടങ്ങിയ കേന്ദ്രങ്ങളുടെ മാസ്റ്റർ പ്ലാനുമുണ്ട്. ഇതിന് പ്രത്യേക സംവിധാനം ഒരുക്കുന്നുണ്ടോയെന്നാണ് ചോദിച്ചത്. പ്രൈവറ്റ് ഇൻഡസ്ട്രിയാണ് താമസസൗകര്യങ്ങളും മറ്റും ഒരുക്കുന്നത്. കെ.ടി.ഡി.സി.-യുടെ സംവിധാനം മാത്രമാണ് ഗവൺമെന്റിനുള്ളത്. മറ്റ് സൗകര്യങ്ങൾ ഇന്ന് വളരെ കൂടിവരുന്നുണ്ട്. ഏതാണ്ട് മൂവായിരം ഹോട്ടലുകളും യൂണിറ്റുകളുമുള്ള കേരളത്തിൽ രണ്ടുമൂന്ന് വർഷംകൊണ്ട് അത് ആറായിരമായി വർദ്ധിച്ചുവെന്നുള്ളത് ടൂറിസത്തിന്റെ വളർച്ചയുടെ ഏറ്റവും വലിയ ലക്ഷണമായി കാണുകയാണ്.

മി. സ്പീക്കർ : അടിയന്തര ചോദ്യം നമ്പർ 3.

അടിയന്തര ചോദ്യം

ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കൽ

4 (3) ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഭൂമിയുടെ തൽസ്ഥിതി സംബന്ധിച്ച ഡാറ്റാബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന നടപടി ത്വരിതപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) നേരിട്ടുള്ള സ്ഥലപരിശോധന നടത്താതെ ബി.ടി.ആർ. രേഖയുടെ അടിസ്ഥാനത്തിൽ മാത്രമാണ് ഒട്ടുമിക്ക സ്ഥലത്തും ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗസറ്റ് നോട്ടിഫിക്കേഷൻ ചെയ്തതിനുശേഷം കരട് ഡാറ്റാബാങ്കിലെ ന്യൂനതകൾ സംബന്ധിച്ച് അപ്പീൽ സ്വീകരിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; ഇല്ലായെങ്കിൽ അപ്പീൽ വ്യവസ്ഥ രൂപീകരിക്കുന്നതുവരെ കരട് ഡാറ്റാബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന നടപടി നിർത്തിവയ്ക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ&ബി) ഉണ്ട്.

(സി) ഇല്ല. 9-7-2014-ൽ ഹർജികൾ സംബന്ധിച്ച സമിതി (2014-16) സംസ്ഥാനത്തെ ഭൂമിയുടെ തരംതിരിവുമായി ബന്ധപ്പെട്ട ഡാറ്റാബാങ്ക് തയ്യാറാക്കുന്നതും പ്രസിദ്ധീകരിക്കുന്നതും സംബന്ധിച്ച് നടന്ന തെളിവെടുപ്പുയോഗത്തിൽ ഭൂമിയുടെ തരംതിരിവുമായി ബന്ധപ്പെട്ട് പ്രാദേശികതലത്തിൽ ഡാറ്റാ ബാങ്കിന്റെ കരട് ലിസ്റ്റ് തയ്യാറാക്കിയ നടപടിക്രമങ്ങളിൽ വ്യാപകമായ പാളിച്ചയുണ്ടായതായി സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. ഇടർന്ന് ഡാറ്റാ ബാങ്കിന്റെ കരട് ലിസ്റ്റിന്മേൽ അപ്പീൽ സാധ്യതയില്ലാത്തതിനാൽ കുറ്റമറ്റരീതിയിൽ ഡാറ്റാ ബാങ്കിന്റെ കരട് ലിസ്റ്റ് തയ്യാറാക്കുന്നതിന് കൂടുതൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതുവരെ കരട് ഡാറ്റാ ബാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് നിർത്തിവയ്ക്കുന്നത് പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്തു. പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ കുറ്റമറ്റ രീതിയിൽ ഡാറ്റാബാങ്കിന്റെ കരട് ലിസ്റ്റ് തയ്യാറാക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തരമായി തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്കും ലാന്റ് റവന്യൂ കമ്മീഷണർക്കും നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിലെ കരട് ഡാറ്റാബാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് നിർത്തിവയ്ക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാനുള്ള സമിതി നിർദ്ദേശം പരിശോധിച്ചുവരികയാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, അതീവസൂക്ഷ്മതയോടെയും തികഞ്ഞ ജാഗ്രതയോടെയും തയ്യാറാക്കേണ്ടതാണ് ഡാറ്റാബാങ്ക്. വില്ലേജ് ഓഫീസറുടെയും കൃഷി ഓഫീസറുടെയും സ്ഥലപരിശോധനയെത്തുടർന്ന് ഉപഗ്രഹ ചിത്രത്തിന്റെ സഹായത്തോടുകൂടി അംഗീകൃത ഏജൻസികൾ കൊടുക്കുന്ന ഡീറ്റെയിൽസിന്റെ അടിസ്ഥാനത്തിലാണ് ഡാറ്റാബാങ്ക് തയ്യാറാക്കേണ്ടത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ഹർജികൾ സംബന്ധിച്ച നിയമസഭാ സമിതി ഇതുസംബന്ധിച്ച് തെളിവെടുപ്പ് നടത്തിയപ്പോൾ ഇതിൽ വേണ്ടത്ര ജാഗ്രത താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർ പ്രകടിപ്പിച്ചിട്ടില്ലായെന്ന് കൃഷി വകുപ്പിന്റെയും

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പിന്റെയും റവന്യൂവകുപ്പിന്റെയും ഉദ്യോഗസ്ഥർ ഒരുപോലെ സമ്മതിച്ച കാര്യമാണ്. സൂക്ഷ്മമായ പരിശോധനയുടെ അടിസ്ഥാനത്തിലല്ലാതെ ബി.ടി.ആർ.-ന്റെയും റവന്യൂ രേഖകളുടെയും അടിസ്ഥാനത്തിൽ പല ഉദ്യോഗസ്ഥൻമാരും ഓഫീസുകളിൽ ഇരുന്നാണ് ഈ ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുള്ളതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്ക് ഗസറ്റ് നോട്ടിഫിക്കേഷനിലൂടെ പ്രസിദ്ധീകരിച്ചാൽ അപ്പീൽ കൊടുക്കുന്നതിന് യാതൊരു തരത്തിലുള്ള വകുപ്പും നെൽവയൽ സംരക്ഷണ നിയമത്തിലെ ചട്ടത്തിലോ നിയമത്തിലോ പ്രതിപാദിച്ചിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ ഒരു അബ്സല്യൂട്ട് രേഖയായി മാറാൻപോകുകയാണ്. ഇത്തരത്തിലൊരു ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ചാൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സംസ്ഥാനത്തുണ്ടാകും. ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് ഞങ്ങൾ എതിരല്ല, ആരും എതിരല്ല. അത് കുറ്റമറ്റതായിരിക്കേണ്ടത് നമ്മുടെ ആവശ്യമാണ്. നമ്മുടെ നാട്ടിലെ ഓരോ ഇഞ്ച് ഭൂമിയും വിലപ്പെട്ടതാണ്. ഈ നിയമം ലംഘിച്ചാൽ രണ്ടുവർഷംവരെയുള്ള കടുത്ത ശിക്ഷയാണ് ലഭിക്കുന്നത്. ഒരു ലക്ഷംരൂപ ഫൈനും കൊടുക്കണം. 2008-നുമുമ്പ് ഭൂമി നികത്തപ്പെട്ടതാണോയെന്നും അറിയാൻ കഴിയുന്നില്ല. അങ്ങ് ഇത് പരിശോധിക്കാമെന്ന് പറഞ്ഞു. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെ അടിയന്തരമായ ഒരു സമീപനം സ്വീകരിച്ച് ഈ നാട്ടിൽ ഉണ്ടാകാൻ പോകുന്ന പ്രത്യാഘാതത്തിന് പരിഹാരമുണ്ടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ഗൗരവമുള്ള കാര്യങ്ങളാണ്. അതിൽ യാഥാർത്ഥ്യവുമുണ്ട്. ഞാൻ അത് ഉത്തരത്തിൽത്തന്നെ പറഞ്ഞതാണ്. ഡാറ്റാ ബാങ്ക് തയ്യാറാക്കിയ വിഷയത്തെ സംബന്ധിച്ചുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ്, വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, പ്രസ്തുത പ്രദേശത്തെ നെൽക്കൃഷിക്കാരെന്ന് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന മൂന്ന് പ്രതിനിധികൾ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയോടാണ് ഇത് തയ്യാറാക്കാൻ പറഞ്ഞത്. നേരിട്ടുള്ള പരിശോധന നടത്താതെ തന്നതുകൊണ്ടാകാം വ്യാപകമായ പാകപ്പിഴകൾ വന്നത്. ഇത് ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് റവന്യൂ വകുപ്പുമന്ത്രി 4-4-2012-ൽ വിളിച്ചു ചേർത്ത യോഗത്തിൽ ഡാറ്റാബാങ്കിൽ അപാകതയുള്ളതായി പ്രാഥമിക നിലയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വീണ്ടും പരിശോധിക്കാൻ തീരുമാനമെടുത്തത്. വിശദമായ പരിശോധന നടത്തി കുറ്റമറ്റ രീതിയിലാക്കുന്നതിനുള്ള പരിശ്രമമാണ് നടത്തുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly